പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1147 — 31.10.2019-ൽ മറുപടിക്ക്

## തിരുവമ്പാടി മണ്ഡലത്തിലെ റോഡ് നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ജോർജ്ജ് എം. തോമസ്** | | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) തിരുവമ്പാടി മണ്ഡലത്തിലെ മണാശ്ശേരി-പുൽപറമ്പ് -പുള്ളിക്കാപറമ്പ് റോഡ്, തിരുവമ്പാടി-ആനക്കാപൊയിൽ-മഗിപ്പുഴ റോഡ്, അടിവാരം-കേളൻമൂല റോഡ് എന്നീ റോഡുകളുടെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ ; | (എ) യും (ബി) യും | മണാശ്ശേരി - പുൽപറമ്പ് - ചുള്ളിക്കാപറമ്പ് റോഡിന്റെ (കി.മീ 0/000 മുതൽ 7/000 വരെ) 50.96 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന ഡി.പി.ആർ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. തിരുവമ്പാടി - ആനക്കാംപൊയിൽ - മറിപ്പുഴ റോഡിന്റെ (കി.മീ 0/000 മുതൽ 18/261 വരെ) 93.80 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന ഡി.പി.ആർ-ഉം, കേളൻമൂല - അടിവാരം റോഡിന്റെ(കി.മീ 0/000 മുതൽ 23/700 വരെ) 116.425 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന ഡി.പി.ആർ-ഉം സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബി സാങ്കേതിക വിഭാഗത്തിന്റെ വിശദ പരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ അനുബന്ധ രേഖകൾ സമർപ്പിക്കുവാൻ കോഴിക്കോട് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സാമ്പത്തികാനുമതി ലഭിച്ചതിനു ശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (ബി) കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കി പ്രസ്തുത പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ